# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.498** **01.07.2019 ൽ മറുപടിയ്ക്ക്**

## സൗര പദ്ധതി പ്രവർത്തനങ്ങൾ

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">മറുപടി</th></tr>
<tr><td colspan="2">ശ്രീമതി. യു. പ്രതിഭ<br>ശ്രീ. ഐ. ബി. സതീഷ്<br>ശ്രീ. മുരളി പെരുനെല്ലി<br>ശ്രീ. കാരാട്ട് റസാഖ്</td><td colspan="2">ശ്രീ. എം. എം. മണി<br>(വൈദ്യുതി വകുപ്പ മന്ത്രി)</td></tr>
<tr><td>(എ)</td><td>സൗര പദ്ധതിയുടെ ഭാഗമായി പുരപ്പുറ സൗരോർജ്ജ നിലയങ്ങൾ, സോളാർ പാർക്ക്, മറ്റു സൗരോർജ്ജ നിലയങ്ങൾ എന്നിവിടങ്ങളിൽ നിന്നും എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്;</td><td>(എ)</td><td>'ഊർജ്ജ കേരള മിഷൻ' പദ്ധതി പ്രകാരം, വരുന്ന 3 വർഷത്തിനുള്ളിൽ 1000 മെഗാവാട്ട് വൈദ്യുതി സൗരോർജത്തിൽ നിന്ന് ഉത്പാദിപ്പിക്കുവാൻ ലക്ഷ്യമിടുന്നു. ഊർജ്ജമിഷനിൽ ഉൾപ്പെട്ടിട്ടുള്ള സൗര പദ്ധതിയുടെ ഭാഗമായി 500 മെഗാവാട്ട് വൈദ്യുതി പുരപ്പുറ സൗരോർജ്ജ പദ്ധതികളിൽ ചുവടെ പറയുന്ന മേഖലകളിൽ നിന്നും കെ.എസ്.ഇ.ബി.എൽ-അനർട്ട് സംയുക്തമായി ഉത്പാദിപ്പിക്കുവാനാണ് വിഭാവനം ചെയ്യുന്നത്.<br><table><tr><td>ഗാർഹിക/ കാർഷിക ഉപഭോക്താക്കളുടെ പുരപ്പുറങ്ങളിൽ</td><td>150 മെഗാവാട്ട്</td></tr><tr><td>സർക്കാർ കെട്ടിടങ്ങളുടെ പുരപ്പുറങ്ങളിൽ</td><td>100 മെഗാവാട്ട്</td></tr><tr><td>വാണിജ്യം-വ്യവസായം തുടങ്ങിയ മറ്റു സ്ഥാപനങ്ങളിൽ</td><td>250 മെഗാവാട്ട്</td></tr></table>കൂടാതെ കെ.എസ്.ഇ.ബി.എൽ മുഖേന സോളാർ പാർക്കിൽ നിന്നും 150 മെഗാവാട്ട്, ഫ്ലോട്ടിംഗ് സൗരോർജ്ജ പദ്ധതികൾ വഴി 100 മെഗാവാട്ട്, കനാൽ ടോപ്പ് - ഹൈവേ സോളാർ പദ്ധതികളിൽ നിന്നും 50 മെഗാവാട്ട്, സ്വകാര്യ ഉത്പാദകരിൽ നിന്നും ബിഡ്ഡിങ് മുഖേന 200 മെഗാവാട്ട് എന്നിങ്ങനെയാണ് വൈദ്യുതി ഉത്പാദിപ്പിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്.</td></tr>
<tr><td>(ബി)</td><td>പുരപ്പുറ സോളാർ പദ്ധതിയിൽ ഏതെല്ലാം കെട്ടിടങ്ങളെയും സർക്കാർ സ്ഥാപനങ്ങളെയുമാണ് ഉൾപ്പെടുത്തി യിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;</td><td>(ബി)</td><td>500 മെഗാവാട്ട് പുരപ്പുറ പദ്ധതിയിൽ ഗാർഹിക കാർഷിക ഉപഭോക്താക്കൾ, സർക്കാർ കെട്ടിടങ്ങൾ ഗാർഹികേതര/സർക്കാർ ഇതര സ്ഥാപനങ്ങൾ മുതലായവയിൽ നിന്നുമാണ്</td></tr>
</table>

| | | | |
|---|---|---|---|
| | | | ഉത്പാദനം വിഭാവനം ചെയ്തിരിക്കുന്നത്. പുരപ്പുറ സോളാർ പദ്ധതിയിൽ ഗാർഹിക ഉപഭോക്താക്കൾ 150 മെഗാവാട്ട്, സർക്കാർ സ്ഥാപനങ്ങളുടെ മേൽക്കൂര 100 മെഗാവാട്ട്, വ്യവസായം, വാണിജ്യം തുടങ്ങി മറ്റ് ഉപഭോക്താക്കളുടെ മേൽക്കൂരകളിൽ നിന്നും 250 മെഗാവാട്ട് എന്നിങ്ങനെയാണ് പുരപ്പുറ സോളാർ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിച്ചിരിക്കുന്നത്. |
| (സി) | സൗര പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി കെ.എസ്.ഇ.ബി.യും അനെർട്ടുമായി ചേർന്ന് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) | കെ.എസ്.ഇ.ബി യും അനർട്ടും ആയി ചേർന്ന് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുന്നതിന്റെ സാദ്ധ്യത പരിശോധിച്ചു കൊണ്ടിരിക്കുകയാണ്. |
| (ഡി) | പ്രസ്തുത പദ്ധതിയുമായി ചേർന്ന് സോളാർ നിലയങ്ങൾ സ്ഥാപിക്കുന്നതിനായി ഉപഭോക്താക്കളിൽ നിന്നും അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; | (ഡി) | 500 മെഗാവാട്ട് പുരപ്പുറ സൗരോർജ്ജ പദ്ധതികളിലൂടെ ലക്ഷ്യമിട്ട് താത്പര്യമുള്ള ഉപഭോക്താക്കളിൽ നിന്ന് അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. സോളാർ നിലയങ്ങൾ സ്ഥാപിക്കുന്ന പദ്ധതിയിൽ 2,78,258 ഉപഭോക്താക്കൾ രജിസ്റ്റർ ചെയ്തു. |
| (ഇ) | പ്രസ്തുത പദ്ധതിയുടെ ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഇ) | പദ്ധതിയുടെ ടെൻഡർ വിളിക്കുന്നതിനായുള്ള ടെൻഡർ പ്രമാണങ്ങൾ തയ്യാറായിക്കഴിഞ്ഞു. ഓൺലൈൻ ടെൻഡർ വിളിക്കുന്നതിനുള്ള പ്ലാറ്റ്ഫോം നൽകുന്നതിനായി കേന്ദ്ര സർക്കാർ സ്ഥാപനമായ MSTC Ltd. മായി കരാറിലേർപ്പെടുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ